ഉത്തരം

(എ) & (ബി)

1.	അക്കൗണ്ട്സ് ഓഫീസർ	.. 1
2.	ക്ലാർക്ക്	.. 4
3.	ഡേറ്റാ എൻട്രി ഓപ്പറേറ്റർ	.. 1
4.	ഡ്രൈവർ	.. 1

(സി) അല്ല.

(ഡി) ഇക്കാര്യം പരിഗണനയിൽ ഇല്ല.

എൻ. സി. സി. റീജിയണൽ ഹെഡ്ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിന് സ്ഥലം

143 [3669] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് എൻ. സി. സി. യുടെ റീജിയണൽ ഹെഡ്ക്വാർട്ടേഴ്സ് സ്ഥാപിക്കുന്നതിനുവേണ്ടി സർക്കാരിനോട് സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഉടനെ സ്ഥലം വിട്ടുകൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പ്രവർത്തന പുരോഗതി

144 [3670] *ശ്രീ. ടി. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ എത്ര കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവർത്തനരഹിതമായിട്ടുള്ള കൺസ്യൂമർ സഹകരണ സംഘങ്ങൾ എത്രയാണ്;

(സി) ലിക്വിഡേഷൻ നടപടികൾ സ്വീകരിച്ചുകഴിഞ്ഞ കൺസ്യൂമർ സഹകരണ സംഘങ്ങൾ എത്രയാണ്;

(ഡി) കൺസ്യൂമർ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ അവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) 2004-2005 വർഷത്തിൽ കൺസ്യൂമർ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹകരണ വകുപ്പ് ചെലവാക്കിയ തുക എത്രയാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 897 കൺസ്യൂമർ സഹകരണ സംഘങ്ങൾ ഉള്ളതിൽ 406 എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(ബി) 351 സംഘങ്ങൾ.

(സി) 140 സംഘങ്ങൾ.

(ഡി) ഉണ്ട്.

(ഇ) കൺസ്യൂമർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ധനസഹായ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. പുനരുദ്ധാരണ പദ്ധതിയിൻ കീഴിൽ കൺസ്യൂമർ സഹകരണ സംഘങ്ങൾക്ക് വായ്പ, ഓഹരി, സബ്സിഡി, എന്നിവ നൽകുന്നതിനുവേണ്ടി എല്ലാ വർഷവും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്താറുണ്ട്. കൂടാതെ എൻ. സി. ഡി. സി. പദ്ധതിയിൻകീഴിൽ മാർജിൻ മണിയും ഗോഡൗൺ, ഷോപ്പിംഗ് കോപ്ലക്സ് മുതലായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ധനസഹായവും നൽകിവരുന്നു.

(എഫ്) 2004-2005 വർഷത്തിൽ കൺസ്യൂമർ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന പദ്ധതിയിൽ 6,69,600 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly